## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ: 1642

14.08.2017 -ലെ
മറുപടിക്ക്

### ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങൾ വൃത്തിയാക്കുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുളങ്ങൾ വൃത്തിയാക്കൽ, നവീകരിക്കൽ, പുതിയ കുളങ്ങളുടെ നിർമ്മാണം, കിണറുകൾ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ സംസ്ഥാനത്ത് ഉടനീളം എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട ജലസേചനം, മണ്ണുസംരക്ഷണം, തുടങ്ങിയ വകുപ്പുകളും തൊഴിലുറപ്പുമിഷനു മായും ബന്ധപ്പെടുത്തി കുളങ്ങൾ വൃത്തിയാക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഹരിതകേരളം മിഷനിൽ ഉൾപ്പെടുന്ന ജല ഉപമിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ആദ്യഘട്ടത്തിൽ കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നുണ്ട്. ഇതിനായി പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് നവീകരിച്ചതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) നെടുമങ്ങാട് മണ്ഡലത്തിൽ ഹരിതകേരളം മിഷനിൽ ഉൾപ്പെടുത്തി നവീകരിച്ച കുളങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കുട്ടപ്പുര ചിറ പുനരുദ്ധാരണം.(വെമ്പായം ഗ്രാമ പഞ്ചായത്ത്)<br>2. നാരായണംകോണം ചിറ പുനരുദ്ധാരണം.(വെമ്പായം ഗ്രാമ പഞ്ചായത്ത്)<br>3. മാഞ്ഞാംകോട് ചിറ പുനരുദ്ധാരണം.(കരകുളം ഗ്രാമ പഞ്ചായത്ത്)<br>4. പനവിളാകം ചിറ പുനരുദ്ധാരണം.(കരകുളം ഗ്രാമ പഞ്ചായത്ത്)<br>5. കൊപ്പം കൈതേക്കോണം ചിറ നവീകരണം.(മാണിക്കൽ ഗ്രാമ പഞ്ചായത്ത്)<br>6. ആലിയാട് ചിറ നവീകരണം.(മാണിക്കൽ ഗ്രാമ പഞ്ചായത്ത്) |

7. ഇടത്തറ-ചിറത്തലയ്ക്കൽ പൊതുകുളം നവീകരണം. (മാണിക്കൽ ഗ്രാമ പഞ്ചായത്ത്)
8. ശാന്തിഗിരി-ചെറുവഴി കുളം നവീകരണം.(മാണിക്കൽ ഗ്രാമ പഞ്ചായത്ത്)
9. ശാന്തിഗിരി-തോപ്പിൽ കുളം നവീകരണം.(മാണിക്കൽ ഗ്രാമ പഞ്ചായത്ത്)
10. തലയിൽ ജലനിധി കുളം നവീകരണം.(മാണിക്കൽ ഗ്രാമ പഞ്ചായത്ത്)
11. കൊപ്പം കഞ്ചിക്കുഴി കുളം നവീകരണം.(മാണിക്കൽ ഗ്രാമ പഞ്ചായത്ത്)

| | |
|---|---|
| (സി) ഹരിതകേരള മിഷന്റെ അനുബന്ധ പദ്ധതികളുടെ വിശദാംശം നൽകുമോ? | (സി) സംസ്ഥാനത്ത് ജനപങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന നവകേരളം കർമ്മ പദ്ധതിയിലെ ഒരു മിഷനാണ് ഹരിതകേരളം മിഷൻ. ഇതിൽ മൂന്നു ഉപദൗത്യങ്ങളെ കേന്ദ്രീകരിച്ച് ഉപമിഷനുകൾ പ്രവർത്തിക്കുന്നു. ഇപ്രകാരം ശുചിത്വ-മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷിവികസനം എന്നീ മേഖലകളിൽ മൂന്നു ഉപമിഷനുകളുണ്ട്. ഇവയുടെ പ്രവർത്തന ലക്ഷ്യങ്ങൾ താഴെ വിവരിക്കുന്നു. |

<u>ഉപദൗത്യം 1.ശുചിത്വ മാലിന്യ സംസ്കരണം</u>

ലക്ഷ്യങ്ങൾ

1. പുതിയ നഗര ഖര-മാലിന്യ സംസ്കരണ നിയമപ്രകാരം ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്തവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിക്കുക.
2. ഉത്തരവാദിത്ത മാലിന്യ പരിപാലന രീതികൾ അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ മാലിന്യ പരിപാലന സംസ്കാരം സൃഷ്ടിക്കുക.
3. സങ്കീർണ്ണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാധ്യമാക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക.
4. ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക.

<u>ഉപദൗത്യം 2 ജലസംരക്ഷണം (ജലസമൃദ്ധി)</u>

ലക്ഷ്യങ്ങൾ

1. ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും സംയോജിത നീർത്തട അടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക.
2. പുതിയൊരു ജലസംരക്ഷണ-വിനിയോഗ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുക.
3. ജലസുരക്ഷയും പാരിസ്ഥിതിക സുസ്ഥിരതയും ഭാവി

തലമുറയ്ക്കുകൂടി ഉറപ്പാക്കുക.

4. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുക.

ഉപദൗത്യം3:ജൈവകൃഷിരീതിക്ക് പ്രാമുഖ്യം കൊടുത്തു കൊണ്ടുള്ള കൃഷിവികസനം - സുജലം സുഫലം

ലക്ഷ്യങ്ങൾ

1. പച്ചക്കറിയിലും മറ്റ് അടിസ്ഥാനകൃഷി ഉല്പന്നങ്ങളിലും (പ്രത്യേകിച്ച് നെല്ല്, പഴവർഗ്ഗങ്ങൾ) സ്വയംപര്യാപ്തത നേടാനുതകുന്ന വിധത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക.
2. ഗാർഹിക സ്ഥാപനതലങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന കമ്പോസ്റ്റ് ഉപയോഗിച്ച് രാസവളങ്ങളുടേയും കീടനാശിനികളുടേയും ഉപയോഗം പരമാവധി കുറച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പു വരുത്തി ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക.
3. വീടുകളിൽ കൃഷി വ്യാപിപ്പിക്കുകയും തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്തുകയും പ്രാദേശികമായി ലഭ്യമാകുന്ന പൊതുസ്ഥലങ്ങളിൽ വ്യാപകമായി പച്ചക്കറി, ഇതര കൃഷികൾ നടപ്പിലാക്കുകയും ചെയ്ത് ഉത്പാദനം പരമാവധി വർദ്ധിപ്പിക്കുക.
4. ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില കർഷകർക്ക് ലഭിക്കത്തക്ക രീതിയിൽ വിപണി സംവിധാനം പരിഷ്കരിക്കുക.
5. ലാഭകരമായ കൃഷിയിലൂടേയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന സംരംഭങ്ങളിലൂടേയും കാർഷിക മേഖലയിൽ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
6. സമ്പദ് വ്യവസ്ഥയിൽ കാർഷിക മേഖലയുടെ സംഭാവന ത്വരിതപ്പെടുത്തുക.
7. ജലസ്രോതസ്സുകൾക്കുചുറ്റും മരം വളർത്തുന്നതുൾപ്പെടെ കാർഷികപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പദ്ധതികളായിരിക്കും ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട് ആവിഷ്കരിക്കുക.